# അദ്ധ്യാത്മിക ജീവിതം

അറിയുക , അല്ലാഹുവിന്റെ ഔലിയാക്കൾക്ക് ഭയമോ ദുഖ:മോ ഇല്ല.
വിശ്വസിക്കുകയും അല്ലാഹുവിനെ ഭയപ്പെടുകയും
ചെയ്തവരാണവർ. ഐഹിക ജീവിതത്തിലും പരലോകത്തും അവർക്ക്
സുവാർത്തയുണ്ട്.

( വി. ഖുർ ആൻ , യൂനുസ്. 10 )

## ആദ്ധ്യാത്മികത

ശരീരവും ആത്മാവും കൂടിയതാണ് മനുഷ്യൻ. ഈ ഒരു വിശ്വാസവും അതിലൂന്നിയ കർമ്മവുമാണ് ഇസ്ലാം വിഭാവനം ചെയ്യുന്നത്. ക്ഷണികമായ ശരീരത്തേക്കാൾ  ശാശ്വതമായ ആത്മാവിന് പരിഗണന നൽകുമ്പോഴാണ് കൂടുതൽ ഈടു നിൽ ക്കുന്ന മൂല്യങ്ങൾ മനുഷ്യന് കൈവരുന്നത്. സത്യമതം പ്രബോ ധനം ചെയ്യാൻ ലോകത്ത് വന്നവരെല്ലാം ആത്മീയ പരിശുദ്ധിക്ക് യത്നിക്കാനാണ് മനുഷ്യ കുലത്തെ പ്രബോധിപ്പിച്ചത്. തീർച്ച യായും ശാരീരിക വൃത്തി ആവശ്യമാണ്. അത് അത്യന്തികമായ മാനസിക-ആത്മീയ വിശുദ്ധിയിലേക്കുള്ള ചാലകമായി മാത്രം

റസൂലുല്ലാഹി (സ) കാണിച്ച പരിശുദ്ധദീൻ ലോകത്തി ത്രയും ആഞ്ഞു പ്രചരിച്ചത് ആത്മീയ നായകരിലൂടെ യാണെന്ന് ചരിത്രം പറയും. നബി (സ) യുടെ കാലത്ത് തന്നെ ആ തലത്തി ലൂന്നിയ പ്രബോധനത്തിനാണ് ഫലം കണ്ടതും ആത്മശാന്തി തേടിയാണ് പതിനായിരങ്ങൾ ഇസ്ലാമിലണഞ്ഞതും. അവിടന്നി ങ്ങോട്ടുള്ള ഇസ്ലാമിന്റെ സഞ്ചാര പാതയിൽ ഇരുട്ടു കീറിയത് മുഴുവൻ ആത്മീയ വരൾച്ചതേടിയവരായിരുന്നു. മറിച്ചുള്ള പ്രചാരണം ദുരുപദിഷ്ടവും കാലങ്ങളായി ഓറിയന്റലിസ്റ്റു ശക്തികൾ പടച്ചുവിട്ടു കൊണ്ടിരിക്കുന്നതുമാണ്.

വാസ്തവത്തിൽ തോമസ് ആർനോൾഡ് തൊട്ടിങ്ങോട്ട് ഇസ്‌ലാം പ്രചാരണത്തിന് വാളുപയോഗിച്ചു എന്നാരോപിക്കുന്നവർ രണ്ടാലൊരു വിഭാഗമാണ്. ഇസ്ലാമിന്റെ ആത്മസത്തയും ആത്മീയ വിശുദ്ധിയും കണ്ടെത്താനോ അനുഭവിക്കാനോ കേവലം അറിയാൻ പോലുമോ കഴിയാത്ത സാധുക്കൾ, അല്ലെങ്കിൽ ആത്മീയ പരിശുദ്ധിയുടെ മേഖലയിൽ ഇസ്ലാമിന്റെ മഹത്തായ തത്ത്വങ്ങൾ ലോകം കീഴടക്കും എന്ന ശരിയായ ചരിത്രവായനക്ക് ശേഷം ആ മേഖല ഒരു തരത്തിലും ലോകത്തിന്റെ ചർച്ചയിൽ പോലും വരാൻ പാടില്ലെന്ന് ശാഠ്യം പിടിക്കുന്ന ദുഷ്ടന്മാർ ഇസ്ലാം പ്രചരണത്തിന്റെ ചരിത്രമൊരാവർത്തി നോക്കുക. ആത്മീയ പുരുഷരാണ് ആ പുരോഗമനത്തിന് മുന്നിൽ നിന്നതെന്ന്

കണ്ടെത്താനാവും. ശൈഖ് അബ്ദുൽ ഖാദിർ ജീലാനി, ശൈഖ് രീഫാഈ അഹമ്മ്ദുൽ ബദവി, ഇബ്രാഹിംസൂഖി, ശൈഖ് അജ്മീരി (റ) തുടങ്ങിയങ്ങോട്ടെണ്ണിയാൽ എവിടെയെല്ലാം സത്യമതം എത്തിയിട്ടുണ്ടോ അവിടെയെല്ലാം ഏതെങ്കിലും ഒരു ആത്മീയ പുരുഷന്റെ സാന്നിദ്ധ്യം നമുക്ക് അനുഭവിച്ചറിയാനാവും.

ഇന്ത്യയുടെയും കേരളത്തിന്റേയും കഥയും മറിച്ചല്ല. ലോകത്ത് മുസ്ലീം ജനസംഖ്യയിൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്ന ഇന്ത്യയിൽ അറേബ്യയിൽ നിന്നും പാക്കിസ്ഥാൻ, അഫ്ഗാനി സ്ഥാൻ എന്നിവിടങ്ങളിൽ നിന്നും, കേരളത്തിൽ അറബിക്കടൽ താണ്ടിയും സൂഫി സംഘങ്ങൾ എത്തി. കേരള മുസ്ലീംകളെ ആഗോളതലത്തിൽ പോലും വേറിട്ടു നിർത്തുകയും ശ്രദ്ധേയമാക്കുകയും ചെയ്യുന്നത് ആത്മീയ നായകരുടെ നീണ്ടനിരയും അവരുടെ നിരന്തര പ്രയത്നം മൂലം നേടിയെടുത്ത ഇസ്ലാമിക ചൈതന്യമാണ്. ഇസ്ലാമിക വിജ്ഞാന നിയമങ്ങളുടെ കാര്യത്തിലും ആരാധനാ നിഷ്ഠയുടെ കാര്യത്തിലും കേരളം വിശേഷിച്ച് മലബാർ സൂക്ഷിക്കുന്ന വ്യതിരക്തത, ആത്മീയ പുണ്യപുരുഷരുടെ പിന്നെ ഗമിക്കാനുള്ള പ്രദേശത്തിന്റെ സന്നദ്ധതയിൽ

നിന്നുണ്ടായതാണ്.

## കുണ്ടൂർ ഉസ്താദ്..
## കാലത്തിന്റെ നിയോഗം

മനുഷ്യന്റെ ആത്മീയ ദാഹം ശമിപ്പിക്കാൻ കാലം ആലസ്യം കാണിക്കാറില്ല. ഓരോ യുഗങ്ങളും പ്രദേശങ്ങളും മഹ നീയ ജന്മങ്ങൾ കൊണ്ട് അനുഗൃഹീതമാകാറുണ്ട്.ജീവിതത്തിന്റെ പ്രത്യേക ബിന്ദുവിൽ നിന്ന് ചിതറിത്തെറിക്കുന്ന ചില അനുഭവ ങ്ങൾ വഴിത്തിരിവുകളായി പരിണമിക്കുകയും അത് ആത്മീയമാ യൊരു പുത്തൻ ഭൂമികയിലേക്ക് വഴി നടത്തുകയുമാണ്ചില ആത്മീയനേതാക്കളിൽ സംഭവിക്കുന്നതെങ്കിൽ മറ്റു ചിലർ ശുഭക രമായ ചില അടയാളപ്പെടുത്തലുകളിലൂടെയായിരിക്കും പെറ്റു വീഴുന്നത്.അത് അനുക്രമമായ ഒരു വിജയഗാഥയായി വികസി ക്കുകയും ചെയ്യും.

മനുഷ്യന്റെ വേദനകളോടും പ്രകൃതിയുടെ ആവശ്യങ്ങ ളോടും ഒരു പോലെ സംവദിച്ച് കൊണ്ട് പടപ്പുകളിലൂടെ പടച്ച വനെ ധ്യാനിച്ച് ജീവിച്ച ശൈഖുന കുണ്ടൂർ, ഇത്തരക്കാരിൽ ഒരാ ളാണെന്നേ ആ ജീവിതം പഠിക്കാനൊരുങ്ങുന്ന ഏതൊരാൾക്കും തോന്നൂ.

സൂഫീ വര്യൻ കൂടിയായ പിതാമഹൻ അഹ്മദ് മൊല്ല

തന്റെ പേരമകൾ പ്രസവിക്കുന്നതിന് മുമ്പേ കുട്ടിക്ക് അബ്ദുൽ

ഖാദിർ എന്ന നാമകരണം ചെയ്തിരുന്നു.ചെനക്കൽ ഹസൻ മുസ്ലിയാർ തന്റെ മകൾക്ക് കുണ്ടൂരിൽ നിന്ന് വിവാഹന്വേഷ

ണമുണ്ടായപ്പോൾ സാത്വികനായ കമ്മുണ്ണി മുസ്ലിയാരോട്

അന്വേഷിച്ചുവെത്രേ.അപ്പോൾ അവിടുന്ന് ഇങ്ങനെ പ്രതികരിച്ചു. മകളെ കെട്ടിച്ചോ , ഖുർആൻ തുരുമ്പ് പിടിക്കൂല.

# പ്രവചനം പുലരുന്നു..

മഹാ സ്വാതികനായ കറുത്ത മുഹമ്മദ് മുസ്ലിയാർ ഒരിക്കൽ പറഞ്ഞിരുന്നത്രെ കുണ്ടൂരിലൊരു വലിയ ആൾ വരാനുണ്ട്. ജനനം മുതൽ തന്നെ എന്തൊക്കെയോ പ്രത്യേകതകൾ ദർശിക്കാമായിരുന്നു. വളരെ ചെറുപ്പം മുതലെ ഉസ്താദ് പ്രാർത്ഥിച്ചിരുന്ന ദുആ ആണ്

*റബ്ബനാ ആതിനാ...............................വഖിനാ അദാബന്നാർ*

മഹാ സാത്വികനായ അല്ലാഹുവിന്റെ അടിയൻ പ്രാർത്ഥിക്കുന്ന പ്രാർത്ഥന എന്ന് ഖുർആൻ തന്നെ പഠിപ്പിക്കുകയും തിരുദൂതൻ (സ) വല്ലാതെ ഇഷ്ടപ്പെടുകയും ചെയ്യുന്ന പ്രാർത്ഥനയാണിത്.

ചെറുപ്പം മുതലെ കണ്ടുവരുന്ന ജീവിത പരിശുദ്ധി തന്നെയാണ് ഉസ്താദിന്റെ ആത്മീയ വ്യക്തിത്വത്തെ നിസ്തുലമാക്കുന്നത്. എതിർക്കുന്നവർക്കു പോലും ദോഷം പറയാനില്ലാത്ത സ്വഭാവ വൈശിഷ്ട്യം ജന്മം മുതലേ കാത്ത് സൂക്ഷിച്ചു.കര കവിഞ്ഞൊഴുകുന്ന കാരുണ്യവും സത്യ സന്ധതയും ദീനീ നിഷ്ഠയും ചെറുപ്പത്തിലേ ഉസ്താദ് പുലർത്തിയിരുന്നു. ചെറുപ്പത്തിൽ പീടികയിലേക്കോ പുറത്തേക്കോ മറ്റോ പോകുമ്പോൾ പോലും വെറും വർത്തമാനം ഉസ്താദിന്റെ വായിൽനിന്ന് വരുമായിരുന്നില്ല. പകരം ഇഖ്ലാസും ഫാതിഹയും ഓതാനായിരുന്നു കുട്ടികളോട് പറഞ്ഞിരുന്നത്.ഉസ്താദിന്റെയടുത്ത് നിന്ന് ഒരു കറാഹത്ത് പോലും വന്നിരുന്നില്ലെന്ന് മൊയ്തു മുസ്ലിയാരുടെ പിതാവ് സാക്ഷ്യപ്പെടുത്തിയിരുന്നു. ആത്മീയ വ്യക്തിത്വം ഒരിക്കലും യാദൃശ്ചികതയായിരുന്നില്ലെന്ന് വ്യക്തം.